**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 630** **27.04.2017-ൽ മറുപടിയ്ക്ക്**

**പട്ടിക ജാതി /പട്ടിക വർഗ്ഗ വിഭാഗക്കാരുടെ ചികിത്സാ ധനസഹായ അപേക്ഷകൾ**

**ചോദ്യം**
**ശ്രീ.പി.കെ. ശശി**

**മറുപടി**
**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | കഴിഞ്ഞ സർക്കാർ അധികാരമൊഴിയുമ്പോൾ പട്ടിക ജാതി /പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കുള്ള ചികിത്സാ ധനസഹായ അപേക്ഷകളിൽ എത്ര എണ്ണത്തിൽ തീരുമാനമെടുക്കാനും, തീരുമാനമെടുത്തതിൽ എത്ര അപേക്ഷകളിൽ ധനസഹായം നൽകുവാനും ഉണ്ടായിരുന്നു ; ഇതിൽ ഈ സർക്കാർ എത്ര നൽകി ; എത്ര തുക ഇതിനായി വിനിയോഗിച്ചു ; | എ) | കഴിഞ്ഞ സർക്കാർ അധികാരമൊഴിയുമ്പോൾ പട്ടികജാതി വിഭാഗങ്ങൾക്കുള്ള ചികിത്സാ ധനസഹായ അപേക്ഷകളിൽ 2768 എണ്ണത്തിന് തീരുമാനമെടുക്കുവാനും, തീരുമാനമെടുത്തതിൽ 5695 അപേക്ഷകളിൽ ധനസഹായം നൽകുവാനും ഉണ്ടായിരുന്നു. ഇതിൽ ഈ സർക്കാർ 6526 പേർക്ക് 14,77,59,300/-രൂപ ചികിത്സാ ധനസഹായത്തിനായി വിനിയോഗിച്ചു.<br><br>കഴിഞ്ഞ സർക്കാർ അധികാരമൊഴിയുമ്പോൾ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ചികിത്സാ ധനസഹായ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിനായി അപേക്ഷകൾ ബാക്കിയുണ്ടായിരുന്നില്ല. തീരുമാനമെടുത്തതിൽ 371 അപേക്ഷകളിൽ ധനസഹായം നൽകുവാൻ ഉണ്ടായിരുന്നു. ഈ സർക്കാർ വന്നതിനു ശേഷം അത്തരത്തിലുള്ള മുഴുവൻ അപേക്ഷകർക്കും |

| | | | |
|---|---|---|---|
| | | | ധനസഹായം അനുവദിച്ച് നൽകി. ഇതിനായി ആകെ 39,44,000/-രൂപ വിനിയോഗിച്ചു. |
| ബി) | ഇതുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലയളവിൽ എത്ര അപേക്ഷ ലഭിച്ചു; എത്ര പേർക്ക് സഹായം ലഭ്യമാക്കി; എത്ര തുക അനുവദിച്ചു; ഇനി എത്ര പേർക്ക് സഹായം നൽകുവാനുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | ബി) | ചികിത്സാ ധനസഹായം അനുവദിക്കുന്നതിനായി ഈ സർക്കാരിന്റെ കാലയളവിൽ പട്ടികജാതി വിഭാഗക്കാരുടെ 20192 അപേക്ഷകൾ ലഭിക്കുകയും 17664 പേർക്ക് 31,57,32,554/-രൂപ ചികിത്സാ ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇനി 2515 പേർക്ക് ധനസഹായം ലഭ്യമാക്കുവാനുണ്ട്.<br>ചികിത്സാ ധനസഹായം അനുവദിക്കുന്നതിനായി ഈ സർക്കാരിന്റെ കാലയളവിൽ പട്ടികവർഗ്ഗക്കാരുടെ 12635 അപേക്ഷകൾ ലഭിച്ചു. ആയതിൽ 12558 പേർക്ക് ധനസഹായം ലഭ്യമാക്കി ഇതിനായി ആകെ 3,64,54,000/-രൂപ അനുവദിച്ചു. അപേക്ഷിച്ചതിൽ ഇനി 77 പേർക്ക് ധനസഹായം ലഭ്യമാക്കാനുണ്ട്. |

സെക്ഷൻ ഓഫീസർ